**അടിയന്തര പ്രമേയം**

മി. സ്പീക്കർ: അടിയന്തരപ്രമേയം പരിഗണനയ്ക്ക് എടുക്കുകയാണ്. ഈ അടിയന്തരപ്രമേയത്തിൽ ചൂണ്ടിക്കാണിക്കുന്ന വിഷയം ഈ മാസം 11-ാം തീയതി ശ്രദ്ധ ക്ഷണിക്കലായി വന്ന് വിശദമായി ചർച്ച ചെയ്തതാണ്. ഇന്ന് രണ്ടാമത്തെ ചോദ്യവുമായി ബന്ധപ്പെട്ട് ഇതിൽ പറയുന്ന സകല കാര്യങ്ങളും ചർച്ച ചെയ്തു. എന്തായാലും ഈ വിഷയം പരിഗണനയ്ക്ക് എടുക്കുന്നുണ്ട്. ഈ സഭയ്ക്കകത്ത് ഇന്ന് ചോദ്യോത്തരങ്ങളായി വന്നതും ചർച്ചയാണല്ലോ. അങ്ങനെ ചർച്ചയാണെന്നുള്ളത് എല്ലാവരേയും ഓർമ്മിപ്പിക്കാൻ വേണ്ടി പറഞ്ഞതാണ്.

ഗൾഫ് മേഖലകളിൽനിന്ന് മലയാളികൾ കൂട്ടത്തോടെ നാട് കടത്തപ്പെടുമ്പോൾ നയതന്ത്രബന്ധം ഉപയോഗിച്ച് പ്രശ്നം പരിഹരിക്കാനോ അവർക്ക് ആശ്വാസം എത്തിക്കുന്നതിനോ എല്ലാം നഷ്ടപ്പെട്ട് നാട്ടിലെത്തിയവരെ പുനരധിവസിപ്പിക്കുന്നതിനോ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ ഒന്നും ചെയ്യാതെ നിസ്സംഗത പാലിക്കുന്നതു മൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതി വിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. വി. അബ്ദുൾ ഖാദർ, ശ്രീ. വി. എസ്. സുനിൽ കുമാർ, ശ്രീ. സി. കെ. നാണു,

ശ്രീ. എ. എ. അസീസ്, ശ്രീ. എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

## ഗൾഫ് നാടുകളിൽ തൊഴിൽ നിയമങ്ങൾ കർശനമാക്കിയതു മൂലമുള്ള പ്രതിസന്ധി

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, അങ്ങ് ചൂണ്ടിക്കാണിച്ചതു പോലെ കഴിഞ്ഞ ദിവസം ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിയും പിന്നീട് ശ്രീ. പി. കെ. ബഷീറും ഈ കാര്യം ഉന്നയിച്ചതാണ്. ഇന്ന് രാവിലെയും ഈ കാര്യം ചർച്ച ചെയ്തതാണ്. തദ്ദേശവത്ക്കരണം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ സൗദി അറേബ്യയിലും കുവൈറ്റിലുമാണ് ഇപ്പോൾ ഉണ്ടായിട്ടുള്ളത്. സൗദി അറേബ്യയിലെ കാര്യങ്ങളിൽ ഇടപെടുന്നത് വളരെ ഫലപ്രദമായിരുന്നു. കേരളത്തിലെ കേന്ദ്രമന്ത്രിമാരായ ശ്രീ. ഇ. അഹമ്മദ് സാഹിബും ശ്രീ. വയലാർ രവിയും സൗദിയിൽ പോയി ചർച്ചകൾ നടത്തി. അവിടെ ഇന്റർ ഗവൺമെന്റൽ കമ്മിറ്റിയുണ്ടാക്കിയിരുന്നു. ഞാനും സൗദി അറേബ്യയിലെ റിയാദിൽ പോയിരുന്നു. അവിടെ നവോദയ, കെ.എം.സി.സി, ഒ.എസ്. എന്നീ എല്ലാ സംഘടനകളുമായി സംസാരിച്ചു. അവിടെ പരാതികളില്ല. മടക്കയാത്ര ആരംഭിക്കുമ്പോൾ അവർക്ക് ടിക്കറ്റ് കൊടുക്കണമെന്ന കാര്യത്തിലാണ് പരാതികളുണ്ടാകാൻ പോകുന്നത്. ആ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മടക്കയാത്ര ആരംഭിച്ചാൽ അവർക്ക് സാധാരണ റേറ്റിൽ വരാനുള്ള സാഹചര്യമുണ്ടാക്കണം. കുവൈറ്റിലെ കാര്യം ശരിയാണ്. അവിടെ വളരെ അനീതിയാണ് ചെയ്യുന്നത്.

സൗദി അറേബ്യയിൽ ഇല്ലീഗൽ ആളുകളെയാണ് കയറ്റി വിടുന്നത്. കുവൈറ്റിൽ വാലിഡ് വിസയുള്ളവരെപ്പോലും തെരഞ്ഞുപിടിച്ച് കയറ്റി അയയ്ക്കുന്നു. ഈ സമയത്ത് ആഭ്യന്തര വകുപ്പുമന്ത്രി കുവൈറ്റിൽ പോയിരുന്നു. അദ്ദേഹവും ഈ പ്രശ്നത്തിൽ ഇടപെട്ടതാണ്. കുവൈറ്റിലെ കാര്യങ്ങളിൽ ഇടപെടൽ ഉണ്ടാകണം. ഇന്ത്യാ ഗവൺമെന്റിന്റെ സംഘങ്ങൾ കുവൈറ്റിലേയ്ക്ക് പോകണം. കുവൈറ്റിലെ ഇന്ത്യൻ എംബസിയുടെ നിലപാട് വളരെ നിർഭാഗ്യകരമാണ്. ഈ സംഭവം ഉണ്ടാകുമ്പോൾ കുവൈറ്റിലെ ഇൻഡ്യൻ അംബാസിഡർ അവധിയിലായിരുന്നു. അത് ശരിയല്ല. ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. തീർച്ചയായും വിദേശ മലയാളികളുടെയും വിദേശ ഇന്ത്യക്കാരുടെയും കാര്യങ്ങളിൽ നടപടിയുണ്ടാകണം. അങ്ങ് പറയുന്നതുപോലെ സൗദി അറേബ്യയിൽ കാര്യമായ പ്രശ്നങ്ങളില്ല. അവിടെ കാര്യങ്ങൾ തൃപ്തികരമായി നടക്കുന്നുണ്ട്. കുവൈറ്റ് പ്രശ്നത്തിൽ നമ്മൾ ഇടപെടുന്നുണ്ട്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഇത് വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. നമ്മുടെ സഭ ഒരേ മനസ്സോടുകൂടി കേന്ദ്ര ഭരണാധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ട ഒരു കാര്യമാണിത്. ഇവിടെ അങ്ങ് തന്നെ മറുപടി യിൽ ചൂണ്ടിക്കാണിക്കുകയുണ്ടായി, കുവൈറ്റിൽ ഈ പ്രശ്നങ്ങളെല്ലാം ഉണ്ടായിട്ടും നയതന്ത്ര കാര്യാലയത്തിന്റെ ഭാഗത്തുനിന്ന് വേണ്ടത്ര ഇടപെടൽ ഉണ്ടായില്ല. നമ്മുടെ നാടിന്റെ ശക്തിയാണ് പ്രവാസി സമൂഹം. അതീവ ഗുരുതരമായിട്ടുള്ള തൊഴിൽ ഭീഷണി അവർ നേരിടുകയാണ്. സൗദി അറേബ്യക്ക് പിന്നാലെ ഇപ്പോൾ കുവൈറ്റിലും അതുപോലുള്ള റെയ്ഡുകളും അറസ്റ്റുകളും നടന്നുകൊണ്ടിരിക്കുകയാണ്. നാടുകടത്തലും ആരംഭിച്ചിരി ക്കുകയാണ്. പ്രവാസികളുടെ ക്ഷേമത്തിനായി ഒരു പ്രത്യേക വകുപ്പും

മന്ത്രാലയവും ഉള്ള രാജ്യമാണ് ഇന്ത്യ. പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങൾ യഥാസമയം ചർച്ച ചെയ്യുന്നതിനും ആശ്വാസം എത്തിക്കുന്നതിനും ഈ മന്ത്രാലയത്തിനോ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾക്കോ ഇതുവരെ കഴിഞ്ഞിട്ടില്ല. 2012 ഏപ്രിൽ മാസത്തിൽ കുവൈറ്റ് ആഭ്യന്തര മന്ത്രാലയം പുറത്തുവിട്ട കണക്കനുസരിച്ച് 653223 ഇന്ത്യക്കാർ കുവൈറ്റിലുണ്ട്. ഇതിൽ അറുപത് എഴുപത് ശതമാനവും മലയാളികളാണ്. 20845 ഇന്ത്യക്കാർ കുവൈറ്റിൽ സർക്കാർ സർവ്വീസിൽ ജോലി ചെയ്യുന്നു. 294889 ആളുകൾ സ്വകാര്യ മേഖലയിലും 248969 ആളുകൾ വീട്ടുജോലിക്കാരും സാധാരണ ജോലിക്കാരുമായി അവിടെ ജോലിചെയ്യുന്നു. കുവൈറ്റിലെ ആളുകൾക്ക് ഇപ്പോൾ പുറത്തിറങ്ങാൻ പോലും കഴിയാത്ത ഒരു സ്ഥിതി വിശേഷമാണു ള്ളത്. അവിടെ 20-ാം നമ്പർ വിസ എന്നറിയപ്പെടുന്ന ഖാദിം വിസയിലും 18-ാം നമ്പർ വിസ എന്നറിയപ്പെടുന്ന ഷൂൺ വിസയിലും എത്തിപ്പെട്ടവരാണ് മഹാഭൂരിപക്ഷം സാധാരണക്കാരായിട്ടുള്ള ആളുകളും. ഇവരെ വീടുകളിൽ കയറി പിടിക്കുകയും ചെക്ക് പോസ്റ്റിൽ തടഞ്ഞുനിർത്തി അറസ്റ്റ് ചെയ്യുകയും ചെയ്യുന്നു. സത്യത്തിൽ വളരെ ഭയാനകമായ ഒരു സ്ഥിതിവിശേഷമാണ് കുവൈറ്റിലുള്ളത്. ഇവിടെ ചൂണ്ടിക്കാണിച്ച പോലെയല്ല. യഥാർത്ഥത്തിൽ വളരെ ഭയാനകമായ ഒരു സ്ഥിതി വിശേഷം കുവൈറ്റിലുണ്ട്. കുവൈറ്റ് സിറ്റിയിൽ അബ്ബാസിയ എന്നൊരു സ്ഥലമുണ്ട്. കേരളത്തിന്റെ ഒരു പരിച്ഛേദമാണ് അബ്ബാസിയ. ആയിരക്കണക്കിന് മലയാളികൾ ഒരുമിച്ച് താമസിക്കുന്ന സ്ഥലമാണിത്. അവിടെത്തന്നെ ബാച്ച്ലർമാർ ഏറ്റവും കൂടുതൽ താമസിക്കുന്ന സ്ഥലമാണ് ഹസാവിയ. ഈ രണ്ട് സ്ഥലങ്ങളിലും

ആളുകൾക്ക് പുറത്തിറങ്ങാനോ ജോലിക്കുപോകാനോ കഴിയുന്നില്ല. ആയിരക്കണക്കിന് ആളുകൾ കഴിഞ്ഞ രണ്ട് മാസമായി റൂമിനകത്ത് അടച്ചിടപ്പെട്ടിരിക്കുകയാണ്. പലരും തൊഴിലില്ലാതെ പട്ടിണിയിലാണ്. ഇത് പുറംലോകം അറിയുന്നില്ല. ഇന്നലെ ഞാൻ വിളിച്ചപ്പോഴും ആളുകൾ പറയുന്നത് വളരെ ഭീതിജനകമായ ഒരു അന്തരീക്ഷമാണെന്നാണ്. പുറത്തിറങ്ങാൻ കഴിയുന്നില്ല; പിടിക്കപ്പെടും. വിമാനത്തിന്റെ ചാർജില്ലാത്ത അവസ്ഥയാണ്. നമ്മുടെ നാട്ടിലെപ്പോലെ അവിടെയും മുസ്ലീം ലീഗുകാർ, കോൺഗ്രസ്സുകാർ, സി.പി.എമ്മുകാർ തുടങ്ങി എല്ലാ രാഷ്ട്രീയ അഭിപ്രായ ങ്ങളുള്ളവരും രാഷ്ട്രീയമില്ലാത്ത ആളുകളുമുണ്ട്. ഇതിൽ മഹാഭൂരിപക്ഷം ആളുകളും ഡ്രൈവർമാരും ചെറിയ ജോലിയുമൊക്കെ ചെയ്യുന്ന പാവങ്ങളായിട്ടുള്ള ആളുകളാണ്. അവർ പറയുന്നത്, ഒരാളും ഞങ്ങളുടെ ദുരിതത്തെക്കുറിച്ച് അന്വേഷിക്കാനില്ല എന്നാണ്. ഇവിടെ മന്ത്രിതന്നെ ചൂണ്ടിക്കാണിച്ചു. സതീഷ്മേത്ത എന്ന ഒരു ഇന്ത്യൻ അംബാസഡർ കഴിഞ്ഞ ഏതാനും ദിവസങ്ങളായി, ഈ പ്രശ്നമുണ്ടായ സന്ദർഭങ്ങളിലൊന്നും അദ്ദേഹം കുവൈറ്റിലില്ല. ഇന്ത്യയിലെ ലക്ഷക്കണക്കിന് ആളുകൾ ഗുരുതരമായ തൊഴിൽഭീഷണി നേരിടുന്ന സമയത്ത് ഇന്ത്യൻ മിഷൻ മേധാവി അവിടെയില്ല. എന്നുമാത്രമല്ല കഴിഞ്ഞദിവസം ഒരു പത്ര സമ്മേളനം നടത്തി പറഞ്ഞത് കുവൈറ്റിലെ ആളുകൾക്ക് ഒരു പ്രശ്നവുമില്ലെന്നാണ്. ഇത് കുവൈറ്റിലെ മലയാളികൾക്കിടയിൽ വളരെ വലിയ രോഷമാണ് ഉയർത്തിയത്. ഇന്ത്യൻ എംബസിയുടെ ഭാഗത്തുനിന്ന് ഗുരുതരമായ കൃത്യ വിലോപമാണുണ്ടായതെന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ മറുപടിയിൽ പറയുകയുണ്ടായി. പക്ഷേ നമ്മൾ എന്താണ് ചെയ്തത്. ഇന്ത്യയുടെ പ്രവാസികാര്യ മന്ത്രി ശ്രീ. വയലാർ രവി മലയാളിയാണ്. കുവൈറ്റിൽ

അങ്ങനെയൊരു പ്രശ്നമുണ്ടോ; മാധ്യമപ്രവർത്തകർ ചൂണ്ടിക്കാണിച്ചപ്പോഴാണ് ഞാൻ ഇതറിഞ്ഞത്, എങ്കിൽ ഞാൻ അന്വേഷിക്കാം എന്നാണ് അദ്ദേഹം പറഞ്ഞത്. പ്രവാസികളെ ബാധിക്കുന്ന ഇത്രയും ഗുരുതരമായ പ്രശ്നമുണ്ടായിട്ടും പ്രവാസികാര്യ മന്ത്രി അതറിഞ്ഞില്ലെന്ന് പറയുന്നത് ലജ്ജാകരമായ ഒരു കാര്യമാണ്. നമ്മളെ സംബന്ധിച്ചിടത്തോളം നമ്മുടെ നാടിന്റെ ശക്തിയായിട്ടുള്ള പ്രവാസികൾ ഇത്ര വലിയ പ്രശ്നം നേരിടുന്ന സന്ദർഭത്തിൽ ഞാനത് അിറഞ്ഞില്ലായെന്ന് പ്രവാസികാര്യമന്ത്രി പറയുന്നത് സത്യത്തിൽ വഞ്ചനാപരമായിട്ടുള്ള ഒരു കാര്യമാണ്. പ്രവാസികാര്യമന്ത്രി സ്ഥാനത്ത് തുടരാൻ അർഹതയില്ലാത്ത ആളാണ് അദ്ദേഹം. അദ്ദേഹം മലയാളിയാണ്. ഈ പ്രശ്നമുണ്ടായ സന്ദർഭത്തിൽ അദ്ദേഹം അറിഞ്ഞില്ലായെന്ന് പറയുമ്പോൾ ഇന്ത്യൻമിഷൻ എന്ത് ചെയ്യുകയായിരുന്നു? പ്രവാസികളുടെ താൽപ്പര്യം സംരക്ഷിക്കാൻ ബാദ്ധ്യതപ്പെട്ടയാളാണ് പ്രവാസികാര്യ മന്ത്രി. പക്ഷേ ഞാനിത് അറിഞ്ഞില്ലായെന്ന് അദ്ദേഹം പറയുന്നു. അത് പോകട്ടെ. ഇത്രയും ദിവസമായിട്ടും അദ്ദേഹം ഒന്നും ചെയ്തതുമില്ല. നമ്മുടെ പ്രവാസികാര്യ മന്ത്രിയും വ്യോമയാന സഹമന്ത്രിയും വിദേശ കാര്യസഹമന്ത്രിയുമൊക്കെ പ്രസ്താവനകൾ നടത്തി കാലം കഴിച്ചുവെന്നല്ലാതെ ഇതുവരെ കുവൈറ്റ് പ്രശ്നത്തിൽ ഒന്നും ചെയ്തില്ല. ഒരു നടപടിയും സ്വീകരിച്ചില്ല. നമ്മുടെ ജീവിതവും സമൂഹത്തിന്റെ നിലനിൽപ്പുമെല്ലാം അവരുടെ ബലത്തിലാണ്. 20-ഉം 30-ഉം പേർക്ക് താമസിക്കാൻ ഇടമുള്ള സെല്ലുകളിൽ നൂറ് കണക്കിന് ആളുകളെ അടച്ചിട്ടിരിക്കുകയാണ്. നമ്മുടെ എംബസി ഉദ്യോഗസ്ഥർ തിരിഞ്ഞ് നോക്കുന്നില്ല. അഥവാ തിരിഞ്ഞ് നോക്കിയാൽപ്പോലും ഒന്നും കാണാത്ത പോലെ തിരിച്ചുവരികയാണ്.

ലോകത്തിലെ എല്ലാ രാജ്യങ്ങളും ഇങ്ങനെയല്ല. ഫിലിപ്പൈൻസ് പോലെയുള്ള രാജ്യങ്ങളുടെ നയതന്ത്ര കാര്യാലയങ്ങൾ വളരെ നല്ല നിലയിൽ ഇടപെടുന്നു. അവരുടെ ആളുകളെ രക്ഷപ്പെടുത്തി കൊണ്ടുവരുന്നു. നമ്മൾ തിരിഞ്ഞുനോക്കുന്നില്ല. ശ്രീ. കെ. സി. വേണുഗോപാൽ വ്യോമയാന സഹമന്ത്രിയാണ്. അദ്ദേഹം ചില പ്രസ്താവനയൊക്കെ നടത്തി. പക്ഷേ എന്താണ് ഇപ്പോൾ സ്ഥിതി ? വിമാന ചാർജ് വീണ്ടും വർദ്ധിപ്പിച്ചിരിക്കുകയല്ലേ? വിമാന ടിക്കറ്റ് കിട്ടാനുണ്ടോ? ഇതാണ് നമ്മുടെ സ്ഥിതി.

ഇന്നലെ ഞാൻ മലപ്പുറത്തുകാരനായ ഒരു കെ.എം.സി.സി. പ്രവർത്തകനും ലീഗ്കാരനുമായ ഒരാളോട് ബന്ധപ്പെട്ടപ്പോൾ അദ്ദേഹം വളരെ രോഷത്തോടെയാണ് സംസാരിച്ചത്. ഒരു പ്രശ്നവുമില്ലായെന്ന് പറയുന്ന മന്ത്രി ഇ. അഹമ്മദ് അബ്ബാസിയയിൽ വന്നിട്ട് ലീഗ്കാരും കെ.എം.സി.സി.കാരും ഉൾപ്പെടെയുള്ള ആളുകളുടെ മുന്നിൽ വച്ചാണ് ഇങ്ങനെ പറയുന്നതെങ്കിൽ ഞങ്ങൾ ചൂലിന് അടിക്കുമെന്നാണ് അദ്ദേഹം പറയുന്നത്. അവരുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെ പറയുന്നത്. ഈ പ്രശ്നം ഇതുവരെ വളരെ ഗൗരവമായി കണക്കാക്കിയിട്ടില്ല എന്നതാണ് നമ്മുടെ സ്ഥിതി. സൗദി അറേബ്യയിലെ പ്രശ്നം ചർച്ച ചെയ്ത് എല്ലാം ഭദ്രമാക്കിയെന്ന് ഇവിടെപറഞ്ഞു. ഭദ്രമാക്കിയോ? സൗദി അറേബ്യയിൽനിന്ന് ജൂലൈ 3 മുതൽ തിരിച്ചുവരൽ ആരംഭിക്കാൻ പോകുകയാണ്. വിമാനചാർജ് സൗജന്യമായി കൊടുക്കാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്നും അതിന് സംസ്ഥാന ഗവൺമെന്റ് മുൻകൈ എടുക്കുമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ അടിയന്തര പ്രമേയത്തിന് മറുപടിയായി സഭയിൽ പറഞ്ഞു. ഞാൻ ചോദിക്കുന്നു, വിമാന ചാർജ് സൗജന്യ

നിരക്കിൽ കൊടുക്കണമെങ്കിൽ ജൂലൈ 3 ന്റെ തലേദിവസം ആരംഭിച്ചാൽ മതിയോ? ഈ കാര്യത്തിൽ ഫലപ്രദമായ ഒരു മുന്നറിയിപ്പ് ഉണ്ടാകേണ്ടതല്ലേ? ഇതുവരെ എന്തെങ്കിലും ചെയ്തോ? ഒന്നും ചെയ്തിട്ടില്ല. ഇപ്പോഴും ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് ഞങ്ങൾ ആലോചിക്കുമെന്നാണ്. വിമാന ചാർജ് സൗജന്യ നിരക്കിൽ കൊണ്ടുവരുന്നതിനും അവർക്ക് സഹായം ചെയ്യുന്നതിനും തലേദിവസം ആലോചിച്ചാൽ പോര. ഈ കാര്യത്തിൽ ഫലപ്രദമായ നടപടി വേണം. നമ്മുടെ നാട്ടിൽ അനുഭവമുണ്ട്.

1991-ൽ കുവൈറ്റ് പ്രതിസന്ധി ഉണ്ടായ സന്ദർഭത്തിൽ അന്നത്തെ മന്ത്രി മാരായ ശ്രീ. കെ. പി. ഉണ്ണികൃഷ്ണനും ശ്രീ. ടി. കെ. ഹംസയും അവിടെ ക്യാമ്പ് ചെയ്ത് അവിടെ അകപ്പെട്ട മലയാളികളെ നാട്ടിലേക്ക് കൊണ്ടുവന്ന അനുഭവം നമുക്കുണ്ട്.

മി. സ്പീക്കർ: അന്ന് കുവൈറ്റിൽ യുദ്ധസാഹചര്യമായിരുന്നു. അന്നത്തെ അവസ്ഥയും ഇന്നത്തെ അവസ്ഥയും തമ്മിൽ വളരെയധികം വ്യത്യാസമുണ്ട്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: ഇപ്പോൾ യുദ്ധസമാനമായ സാഹര്യമാണുള്ളത്. ഇവിടെ പ്രവാസികൾ തിരിച്ചുവരുന്ന സമയത്താണ് പ്രശ്നമുണ്ടാകുന്നത്. പ്രവാസികളെ നാട്ടിലെത്തിക്കുന്നതിനുള്ള സംവിധാനം നേരത്തെ ഉണ്ടാക്കേണ്ടതല്ലേ? എന്നാൽ ഇതുവരെയും അതിനുള്ള സംവിധാനം ഉണ്ടാക്കിയിട്ടില്ല. ഇവിടെ യാത്രയുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങൾക്കും ഒറ്റമൂലിയായി പറഞ്ഞത് എയർ കേരളയാണ്. 2013 -ലെ വിഷുദിനത്തിൽ എയർ കേരള പറന്നുയരുമെന്ന് മുഖ്യമന്ത്രി പറഞ്ഞല്ലോ? ഇവിടെ എയർ കേരള പറന്നുയർന്നോ? കേരളം ഇതുസംബന്ധിച്ച്

അപേക്ഷപോലും നൽകിയിട്ടില്ലെന്നാണ് കേന്ദ്ര വ്യോമയാന വകുപ്പുമന്ത്രി പറയുന്നത്. ഇവിടെ സീപ്ലെയിൻ കൊണ്ട് എന്താണ് പ്രയോജനം? കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡങ്ങളിൽ ഇളവ് ചെയ്താൽ മാത്രമേ അപേക്ഷ നൽകാൻ സാധിക്കുകയുള്ളൂ എന്നാണ് ഇതുസംബന്ധിച്ച് എനിക്ക് മന്ത്രി രേഖാമൂലം നൽകിയ മറുപടിയിൽ സൂചിപ്പിച്ചത്. മാനദണ്ഡങ്ങളിൽ ഇളവ് ചെയ്യേണ്ടത് കേന്ദ്രഗവൺമെന്റാണ്. ഇവിടെ നമ്മൾ അപേക്ഷപോലും നൽകിയിട്ടില്ല. ഇത്തരത്തിൽ പ്രവാസികളെ നിരന്തരമായി ഗവൺമെന്റ് വഞ്ചിക്കുകയാണ്. ഇത് വളരെ ഗൗരവമുള്ള ഒരു പ്രശ്നമായി കേന്ദ്ര ഗവൺമെന്റ് കാണേണ്ടതുണ്ട്. കുവൈറ്റിൽ മാത്രമല്ല, മറ്റ് ഗൾഫ് രാജ്യങ്ങളിലും ഇതുപോലുള്ള വലിയ പ്രതിസന്ധി ഉണ്ടാകാൻ പോകുകയാണ്. ഈ പ്രശ്നത്തെ നമ്മുടെ ഗവൺമെന്റ് എങ്ങനെയാണ് കാണേണ്ടത് എന്നതാണ് ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നം. പ്രസ്തുത പ്രതിസന്ധി കൈകാര്യം ചെയ്യുന്നതിന് കേന്ദ്രഗവൺമെന്റ് ക്രൈസിസ് മാനേജ്മെന്റ് സംവിധാനം ഉണ്ടാക്കേണ്ടതല്ലേ?

<u>മി. സ്പീക്കർ</u>: യെസ്, പത്ത് മിനിട്ടായി. പ്ലീസ് കൺക്ലൂഡ്, പ്ലീസ്.......

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: പ്രസ്തുത പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും അംഗീകരിക്കുന്നതിനും കേന്ദ്രതലത്തിൽ ഒരു നടപടിയും സ്വീകരിച്ചില്ല എന്നതാണ് ഇവിടത്തെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ആയതിനാൽ സംസ്ഥാന ഗവൺമെന്റും കേന്ദ്രഗവൺമെന്റും സംയുക്തമായി ഈ പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ നിലപാട് സ്വീകരിക്കണം. ഈ നിലപാട് സ്വീകരിക്കാത്തതിലുള്ള ശക്തമായ പ്രതിഷേധം ഞാൻ സഭയെ അറിയിക്കുകയാണ്. ഇത് സഭ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ഇവിടെ പ്രധാനമായും സൗദി അറേബ്യയിലേയും കുവൈറ്റിലേയും പ്രവാസികളെ സംബന്ധിച്ച പ്രശ്നങ്ങളാണുള്ളത്. സൗദി അറേബ്യയിലെ കാര്യങ്ങളുമായി ബന്ധപ്പെട്ട് ഇന്ത്യാഗവൺമെന്റ് സമീപ കാലത്ത് കൈക്കൊണ്ട നടപടികൾ ഏറ്റവും തൃപ്തികരമായിരുന്നു. കേന്ദ്ര മന്ത്രിമാരായ ശ്രീ.വയലാർ രവി, ശ്രീ. ഇ. അഹമ്മദ് എന്നിവർ സൗദി അറേബ്യയിൽ പോകുകയും ചർച്ചകൾ നടത്തുകയും ചെയ്തു. സൗദി അറേബ്യയിലെ ഇന്ത്യൻ എംബസി ഇക്കാര്യ ത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇനി പ്രയാസം ഉണ്ടാ കാൻ പോകുന്നത് മടക്കയാത്ര ആരംഭിക്കുമ്പോഴാണ്. മുഖ്യമന്ത്രി ഇക്കാര്യം അവരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സൗദി അറേബ്യയിൽ നിന്ന് മട ങ്ങുന്ന ആളുകൾക്ക് എക്സിറ്റ് പെർമിറ്റ് ലഭിക്കുമ്പോൾ നോർമൽ റേറ്റിൽ ടിക്കറ്റ് നൽകണം. ഇനിയും ടിക്കറ്റ് വാങ്ങാൻ സാധിക്കാത്ത ആളുകളുടെ കാര്യം നമുക്ക് ആലോചിക്കാം. പക്ഷേ അവരുടെ ആവശ്യം അതല്ല. നോർമൽ റേറ്റിൽ പോകാൻ സാധിക്കണം. അക്കാര്യം ഗവൺമെന്റ് ഗൗരവ മായി കണക്കിലെടുത്തിട്ടുണ്ട്. കൂടാതെ അതിനുള്ള സംവിധാനം ഉണ്ടാക്കി ക്കൊണ്ടിരിക്കുകയാണ്. മടക്കയാത്ര ആരംഭിക്കുന്ന സമയത്ത് ആവശ്യമായ സൗകര്യം സൃഷ്ടിക്കുന്നതിനായി മുഖ്യമന്ത്രിതന്നെ പ്രധാനമന്ത്രിക്ക് കത്ത് അയച്ചു. ഇക്കാര്യത്തിൽ സൗദി ഗവൺമെന്റിന്റെ നടപടി വളരെയേറെ തൃപ്തികരമാണ്, അവർ വളരെ ലിബറലായ സമീപനമാണ് സ്വീകരിച്ചത്. ഒളിവിൽ പ്പോയവർക്കെല്ലാം ലീഗലായി കഴിയാനുള്ള സാഹചര്യം അവിടെ യുണ്ടാക്കി. സൗദി മോഡൽ പരിഹാരമാണ് കുവൈറ്റിലെ കാര്യങ്ങളിലും

ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ശ്രീ. ഇ. അഹമ്മദ് സാഹിബും ശ്രീ. വയലാർ രവിയും രണ്ടോമൂന്നോ തവണ ഡൽഹിയിലെ കുവൈറ്റ് അംബാസിഡറെ വിളിക്കുകയും ഇക്കാര്യത്തെക്കുറിച്ച് സംസാരിക്കുകയും ചെയ്തു. ഒരു രാജ്യത്തെ വിഷയത്തിൽ ഇടപെടുന്നതിന് അതിന്റേതായ പരിമിതികളുണ്ട്. മടങ്ങിവന്നതിനേക്കാൾ നൂറിരട്ടി ആൾക്കാർ ഇപ്പോഴും അവിടെയുണ്ട്. അതു കൊണ്ട് നമുക്ക് കുവൈറ്റിനോട് ഫൈറ്റ് ചെയ്യാൻ സാധിക്കില്ല. വളരെ ന്യായ മായ രീതിയിൽ സൗഹാർദ്ദപരമായി മാത്രമേ ഇടപെടാൻ സാധിക്കൂ. അല്ലെ ങ്കിൽ അവിടെ കഴിയുന്ന മലയാളികളുടെ ഭാവി ................

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, കുവൈറ്റിലുള്ള ഇന്ത്യൻ എംബസിയെക്കുറിച്ച് ധാരാളം പരാതികൾ വരുന്നുണ്ട്. അവർ ഒരു പ്രശ്ന ത്തിലും ഇടപെടുന്നില്ല എന്നതാണ് പരാതി. അതുപോലെതന്നെ നോർക്ക വകുപ്പുമന്ത്രിയായ അങ്ങ് കുവൈറ്റിൽ പോകാൻ ശ്രമിച്ചപ്പോൾ അങ്ങേക്ക് വിസ നിഷേധിച്ചതായി ഒരു വാർത്ത കേട്ടു. ഇത് ശരിയാണോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഈ സംഭവം നടന്ന സമ യത്ത് മറ്റൊരു യോഗവുമായി ബന്ധപ്പെട്ട് ഞാൻ കുവൈറ്റിൽ പോയിരുന്നു. കുവൈറ്റിൽ അന്ന് അംബാസഡർ ഉണ്ടായിരുന്നില്ല. അദ്ദേഹം അവധിയിലാ യിരുന്നു. അംബാസഡറുടെ ചാർജുണ്ടായിരുന്ന മലയാളിയായ വിധു നായരു മായി ഇക്കാര്യം സംസാരിച്ചു. കൂടാതെ മുഖ്യമന്ത്രിയുമായും നോർക്ക വകുപ്പുമന്ത്രിയുമായും ഞാൻ ബന്ധപ്പെട്ടു. അവർക്ക് ചെയ്യാൻ സാധിക്കുന്ന കാര്യങ്ങൾ ക്രമപ്പെടുത്തുകയും അത് ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു. ഇവിടെ പറഞ്ഞതുപോലെ ഒരു രാജ്യത്തോട് യുദ്ധം ചെയ്യുന്നതു പോലെയോ അല്ലെങ്കിൽ പ്രതികാരം വീട്ടുന്നതുപോലെയോ നമുക്കവിടെ തങ്ങാൻ സാധിക്കില്ല. കാരണം ലക്ഷക്കണക്കിന് മലയാളികൾ അവിടെ

നിൽക്കുകയാണ്. അതേസമയം ആകാംഷയുടെ മുൾമുനയിൽ നിൽക്കുന്ന മലയാളികൾക്ക് സംരക്ഷണം നൽകി അവരെ മുന്നോട്ട് കൊണ്ടുപോകണം. രണ്ട് പ്രധാനപ്പെട്ട വേവലാതികളാണ് അവിടെയുണ്ടായിരുന്ന മലയാളികൾ പറഞ്ഞത്. ഒന്നാമതായി അവരെ റെയ്ഡ് ചെയ്ത് പിടിച്ചുകൊണ്ട് പോകുന്നു, രണ്ടാമതായി കൊണ്ടുപോകുന്ന സ്ഥലത്തുനിന്ന് അവരുടെ വിവരങ്ങൾ കുവൈറ്റ് എംബസിക്ക് നൽകുന്നില്ല. റെയ്ഡ് ചെയ്ത് പിടിച്ചുകൊണ്ടു പോകുന്ന ആളുകളുടെ വിവരം എംബസിക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കാമെന്ന് വിധു നായർ ഉറപ്പ് നൽകി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഇക്കാര്യത്തെക്കുറിച്ച് സംസാരിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഇവരുടെ ലിസ്റ്റ് എംബസിക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു. രണ്ടാമത്തെ കാര്യം ഇത്തരത്തിൽ കൊണ്ടുവരുന്ന ആളുകളെ നിശ്ചിത ഡെസ്റ്റിനേഷനിലല്ല എത്തിക്കുന്നത്. കേരളത്തിൽ എത്തേണ്ട ചില ആളുകളെ ഡൽഹിയിലും കൽക്കത്തയിലും എത്തിക്കുകയാണ്. ഇവരെ ഇന്ത്യയിൽ എത്തിക്കുക എന്നതാണ് അവിടത്തെ ഗവൺമെന്റിന്റെ നിലപാട്. ഇന്നിപ്പോൾ ആ ക്രമീകരണം മാറി. അവരെ കറക്ട് ഡെസ്റ്റിനേഷനിൽത്തന്നെ എത്തിക്കു ന്നതിനുള്ള ക്രമീകരണം ചെയ്തു എന്നാണ് പിന്നീട് ഞാൻ മനസ്സിലാക്കിയത്. അതോടൊപ്പംതന്നെ ഇവർക്ക് രണ്ടായിരം രൂപ പോക്കറ്റ് മണി നൽകുന്നതി നുള്ള ക്രമീകരണവും ചെയ്തിട്ടുണ്ട്. ഞാൻ ഇതുമായി ബന്ധപ്പെട്ടല്ല കുവൈ റ്റിൽ പോയതെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും നോർക്ക വകുപ്പു മന്ത്രിയും പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ നടത്തിയ ഇടപെടലിൽനിന്ന് എനിക്ക് ലഭിച്ച അനുഭവം ഞാനിവിടെ പറയുകയാണ്. അതോടൊപ്പംതന്നെ അവിടെയുള്ള ഏറ്റവും ടോപ്പായ ഓഫീസർ, കേരള സർവ്വീസിലുണ്ടായി രുന്ന ഒരു സീനിയർ ഐ.പി.എസ്. ഓഫീസറാണ്, അദ്ദേഹവും നമുക്കനുകൂ

ലമായ നടപടിയാണ് സ്വീകരിച്ചത്. ഗവൺമെന്റിന്റേയും മുഖ്യമന്ത്രിയുടേയും നോർക്ക വകുപ്പുമന്ത്രിയുടേയും ഇന്ത്യാഗവൺമെന്റിന്റേയും കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായി വളരെയേറെ കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ചിട്ടുണ്ട്. ബാക്കിയുള്ള കാര്യങ്ങൾ ബഹുമാനപ്പെട്ട നോർക്ക വകുപ്പുമന്ത്രി പറയുന്നതാണ്.

ശ്രീ. കെ. സി. ജോസഫ്: നോർക്ക ഡിപ്പാർട്ടുമെന്റ് കുവൈറ്റിൽ നിന്ന് മടങ്ങിയെത്തിയ ആളുകളെ ഡൽഹിയിലെ കേരള ഹൗസിൽ താമസിപ്പിക്കുകയും അവർക്കുവേണ്ട എല്ലാ സൗകര്യങ്ങളും നൽകുകയും ചെയ്തു. കൂടാതെ രണ്ടായിരം രൂപ പോക്കറ്റ് മണിയും ടിക്കറ്റും നൽകി. ഇക്കാര്യത്തിൽ ആർക്കും പരാതിയില്ല. ഇവിടെ അങ്ങ് മനസ്സിലാക്കേണ്ടത് ഈ പ്രശ്നം കൈകാര്യം ചെയ്യാൻ കുറച്ച് സാവകാശം നൽകണം. ഇക്കാര്യത്തിൽ ഡിപ്ലോമാറ്റിക്കായ ഒരു നയമേ നമുക്ക് സ്വീകരിക്കാൻ സാധിക്കൂ. കുവൈറ്റിലെ കാര്യങ്ങൾ തീരുമാനിക്കുന്നത് നമ്മളല്ല, അവിടത്തെ ഗവൺമെന്റാണ്. ശ്രീ. ഇ. അഹമ്മദും ശ്രീ. വയലാർ രവിയും രണ്ട് വട്ടം അംബാസഡറെ വിളിച്ച് സംസാരിച്ചെങ്കിലും പ്രസ്തുത പ്രശ്നം ഇപ്പോഴും പരിഹരിക്കപ്പെട്ടിട്ടില്ല. ഇക്കാര്യം ഗവൺമെന്റ് ഗൗരവമായി കാണുന്നുണ്ട്. കുവൈറ്റിൽ നിന്ന് മടങ്ങിവന്ന പതിനഞ്ച് ആൾക്കാർ ഇന്നലെ എന്നെ കാണാൻ വന്നിരുന്നു. അവരുടെ ദയനീയ അവസ്ഥ ഗവൺമെന്റിന് ബോധ്യപ്പെട്ടിട്ടുണ്ട്. ഗവൺമെന്റ് യാതൊരുവിധ അനാസ്ഥയും ഇക്കാര്യത്തിൽ കാണിക്കുകയില്ല. ഇക്കാര്യത്തിൽ ഇന്ത്യാ ഗവൺമെന്റ് ഇടപെട്ട് നടപടി സ്വീകരിക്കുന്നതാണ്. ഈ സാഹചര്യത്തിൽ ഈ വിഷയം സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇന്ന് വെള്ളിയാഴ്ചയായതു കൊണ്ട് 12.30-ന് സഭ പിരിയേണ്ടതിനാൽ ഈ വിഷയവുമായി ബന്ധപ്പെട്ട് ഇന്നൊരു ചർച്ച നടത്താൻ സാധിക്കില്ല. ഗൾഫ് മലയാളികൾ നേരിടുന്ന പ്രശ്നങ്ങളെപ്പറ്റി ചർച്ചചെയ്യുകയെന്നത് എല്ലാവർക്കും താൽപ്പര്യമുള്ള വിഷയമാണെന്ന് മാത്രമല്ല, അതിന്റെ പരിഹാരമാർഗ്ഗങ്ങളെക്കുറിച്ച് ഓരോരുത്തർക്കും അവരുടേതായ നിർദ്ദേശങ്ങളുണ്ട്. അതൊക്കെ പൊതുവായി ചർച്ച ചെയ്യുന്നത് നന്നായിരിക്കുമെന്ന അഭിപ്രായം തന്നെയാണുള്ളത്. അതു കൊണ്ട് ബിസിനസ്സ് അഡ്വൈസറി കമ്മിറ്റി കൂടുന്ന അവസരത്തിൽ ഇക്കാര്യം ചർച്ച ചെയ്ത് മറ്റൊരവസരത്തിൽ നിയമസഭയിൽ ഈ പ്രശ്നത്തെക്കുറിച്ചൊരു ചർച്ച നടത്തുന്നതിനെ ഗവൺമെന്റ് സ്വാഗതം ചെയ്യുകയാണ്. ഇവിടെ ഉന്നയിച്ചതുപോലെ സൗദി അറേബ്യയിലും കുവൈറ്റിലും ഉണ്ടായ പ്രശ്നങ്ങൾ വളരെയധികം ആശങ്ക ഉളവാക്കിയിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. പക്ഷേ, സൗദി അറേബ്യയിലെ വിദേശമലയാളികളുമായി ബന്ധപ്പെട്ട പ്രശ്നം പ്രതീക്ഷിച്ചതിനേക്കാൾ മെച്ചപ്പെട്ട രീതിയിൽ പരിഹരിക്കാൻ സാധിച്ചു. ശരിയായ രേഖകളില്ലാതെ അവിടെ കഴിയുന്നവർ തിരിച്ചു പോരേണ്ടിവരും. പക്ഷേ, അങ്ങനെ തിരിച്ചുവരുന്നവർക്ക് ജയിലിൽ പോയതിനു ശേഷം മാത്രമേ വരാൻ സാധിക്കുകയുള്ളൂ എന്ന രീതി മാറ്റി, എംബസിയിൽ പേര് രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ അവർക്ക് ജയിലിൽ പോകാതെതന്നെ തിരിച്ച് വരാനുള്ളൊരു സംവിധാനമൊരുക്കിയിട്ടുണ്ട്. ഈ കാര്യം എല്ലാവർക്കും സ്വീകാര്യമാണ്. പക്ഷേ, ഇതിനായി ഇന്ത്യാഗവൺമെന്റ് മുന്നോട്ടു വച്ചൊരു കണ്ടീഷൻ അവർ അംഗീകരിക്കില്ലെന്ന് വിചാരിച്ചെങ്കിലും ആ

കണ്ടീഷൻ അംഗീകരിച്ചതിലൂടെ വലിയൊരു ഔദാര്യമാണ് സൗദി അറേബ്യ ഇന്ത്യയോട് കാട്ടിയിരിക്കുന്നത്. ശ്രീ. വയലാർ രവിയെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. ഈ പ്രശ്നം പരിഹരിക്കുന്നതിനായി ശ്രീ. വയലാർ രവി, ശ്രീ. ഇ. അഹമ്മദ്, കേന്ദ്ര വിദേശകാര്യ മന്ത്രി ശ്രീ. സൽമാൻ ഖുർഷിദ് എന്നിവർ വഹിച്ച പങ്ക് വളരെ വലുതാണ്. സൗദിയിൽ അനധികൃതമായി ജോലി ചെയ്യുന്നവരെ നാട്ടിലേയ്ക്ക് തിരിച്ചുവിടുമ്പോൾ ഇനിയൊരിക്കലും ഗൾഫ് രാജ്യങ്ങളിലേയ്ക്ക് തിരിച്ച് പോകാൻ പറ്റില്ലെന്നുള്ള സീൽ പതിക്കുന്ന രീതി ഒഴിവാക്കണമെന്ന ഏറ്റവും പ്രധാനപ്പെട്ട ആവശ്യം അവർ സമ്മതിച്ചിട്ടുണ്ട്. നാട്ടിലേയ്ക്ക് തിരിച്ച് വരുന്നതിനുവേണ്ടിയും രേഖകൾ ശരിയാക്കുന്നതിനുവേണ്ടിയും ആദ്യം നൽകിയിരുന്ന മൂന്നു മാസത്തെ സമയപരിധിക്കുപുറമേ മൂന്നുമാസത്തെ സമയം കൂടി അനുവദിക്കുകയും ചെയ്തു. പക്ഷേ, കുവൈറ്റിലെ സ്ഥിതി അതുപോലെയല്ലെന്ന അഭിപ്രായത്തോട് യോജിക്കുന്നു. കഴിഞ്ഞദിവസം ഡൽഹിയിൽ നിന്നും നാട്ടിലേയ്ക്ക് വരാൻ വിഷമിച്ചവരെ ഡൽഹിയിലെ നോർക്ക ഇടപെട്ട് കേരളാ ഹൗസിൽ താമസിപ്പിച്ചു. എന്റെ ഡൽഹി സന്ദർശനവേളയിൽ കേരള ഹൗസിൽ താമസിക്കുന്ന വിദേശ മലയാളികളിൽ രണ്ടുപേരെ മാത്രമേ നേരിട്ട് കാണാനും സംസാരിക്കാനും സാധിച്ചുള്ളൂ. അവരുടെ രേഖകൾ പരിശോധിച്ചതിൽ നിന്നും ശരിയായ രേഖകളുണ്ടായിരുന്നിട്ടും അവരെ നാട്ടിലേയ്ക്ക് അയച്ചിരിക്കുകയാണെന്ന് മനസ്സിലായി. ഇതേ പ്രശ്നവുമായി പലപ്രദേശങ്ങളിൽ നിന്നുള്ള നാലഞ്ചുപേർ ഒരുമിച്ച് ഇന്നലെ ഓഫീസിൽ വന്നിരുന്നു. നിയമാനുസൃതം 6-12 മാസംവരെ അവിടെ കഴിയാനുള്ള രേഖകൾ ഉണ്ടായിരുന്നിട്ടും അവരെ പിടിച്ച് ജയിലിലിട്ടതിനുശേഷം കയറ്റിവിടുകയാണ് ചെയ്തിരിക്കുന്നത്. അതിനെതിരായി

നടത്താവുന്ന എല്ലാ ശ്രമങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണ്. സൗദി അറേബ്യൻ പ്രശ്നം വളരെ നല്ല രീതിയിൽ പരിഹരിക്കാൻ സാധിച്ചതുപോലെ ഈ പ്രശ്നത്തിനും അതുപോലൊരു പരിഹാരമുണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ശരിയാണ്. ഇതുസംബന്ധിച്ച് 9-ാം തീയതി നോർക്കാവകുപ്പുമന്ത്രി ശ്രീ. കെ. സി. ജോസഫ് കുവൈറ്റിലേയ്ക്ക് പോകുന്നുവെന്നൊരു വാർത്ത വന്നിരുന്നു. അങ്ങനെ പോകാത്തതെന്താണെന്ന ആശങ്ക ഇപ്പോഴും നില നിൽക്കുകയാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പോയി എന്നുള്ളത് ശരിയാണ്. നോർക്ക വകുപ്പുമന്ത്രി സന്ദർശനം നടത്തുമെന്ന് പറഞ്ഞെങ്കിലും പോകാതിരുന്നത് എന്തുകൊണ്ടാണ്; അദ്ദേഹത്തിന് വിസ നിഷേധിച്ച സംഭവ മുണ്ടായിട്ടുണ്ടോ; വസ്തുതയെന്താണ്?

ശ്രീ. ഉമ്മൻ ചാണ്ടി: അവർ അങ്ങനെയൊരു ഇടപെടൽ വെൽകം ചെയ്യുന്നില്ല എന്നുള്ള ഒരു സന്ദേശം കിട്ടിയതിനെത്തുടർന്നാണ് പോകാതിരുന്നത്. കാരണം അവരുടെ അതൃപ്തി പിടിച്ചുപറ്റി അവിടെച്ചെന്ന് എന്തെങ്കിലും നേടിയെടുക്കാൻ സാധിക്കുമോ; ഒരിക്കലുമില്ല. അതുകൊണ്ട് അവരുടെ മനസ്സറിഞ്ഞ് പ്രവർത്തിക്കാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ശ്രീ. കെ. സി. ജോസഫ് സൗദി അറേബ്യയിൽ പോകുന്നതിനായി എംബസിയുമായി ബന്ധപ്പെട്ടപ്പോൾ സൗദി അറേബ്യ അദ്ദേഹത്തിന്റെ സന്ദർശനം സ്വാഗതം ചെയ്തതിന്റെ അടിസ്ഥാനത്തിൽ അവിടെ പോയി മല യാളി സംഘടനകളുമായി സംസാരിച്ച് ഇന്നുണ്ടാക്കിയിരിക്കുന്ന ക്രമീകരണം പരമാവധി പ്രയോജനപ്പെടുത്തി പ്രയാസമനുഭവിക്കുന്ന മലയാളികൾക്ക് തിരി

ച്ചുവരാനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനെക്കുറിച്ച് ഫലപ്രദമായി ചർച്ച നടത്താൻ സാധിച്ചു. ഇക്കാര്യത്തിൽ അതുപോലെ ഒരന്തരീക്ഷം സൃഷ്ടിക്കാൻ സാധിച്ചില്ല. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മറ്റൊരു പരിപാടിയുമായി ബന്ധപ്പെട്ട് കുവൈറ്റ് സന്ദർശനം നടത്തിയവേളയിൽ ഇന്ത്യൻ എംബസിയിലെ ഉദ്യോഗസ്ഥരുമായി ഇക്കാര്യം ചർച്ച ചെയ്തു. മാത്രമല്ല, മലയാളി കൂടിയായ ശ്രീ. വിധു നായരുമായി നിരന്തരം ബന്ധപ്പെടുന്നുണ്ട്. അവിടെ എംബസി സഹകരിച്ചില്ലെന്ന് പറയുന്നത് പൂർണ്ണമായി ശരിയല്ല. പക്ഷേ, നിർഭാഗ്യവശാൽ അവിടത്തെ അംബാസഡർ വ്യക്തിപരമായ ആവശ്യങ്ങൾക്കായി ഒരു മാസത്തോളം ലീവിലായിരുന്ന സമയത്താണ് ഈ പ്രശ്നം കൂടുതലായി ഉണ്ടായത്. എന്നാലും മറ്റുള്ള ഉദ്യോഗസ്ഥന്മാർ പരമാവധി ഈ വിഷയം കവർ ചെയ്യാൻ ശ്രമിച്ചു. ഏതായാലും കുവൈറ്റിൽ ഉണ്ടായിട്ടുള്ള പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ പരമാവധി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ആ കാര്യത്തിലും സൗദിയിലുണ്ടാക്കിയതുപോലെയുള്ള ഒരു ക്രമീകരണം ചെയ്യുന്നതാണ്. നിയമവിരുദ്ധമായിട്ടുള്ളവർ തിരിച്ചുവരട്ടെ; അങ്ങനെ വരുമ്പോൾ ഇനിയൊരിക്കലും ഗൾഫ് രാജ്യങ്ങളിലേയ്ക്ക് തിരിച്ചുചെല്ലാൻ പാടില്ലെന്നൊരു നിബന്ധന ഉണ്ടാകരുത് എന്ന കണ്ടീഷൻ മാത്രമേ വയ്ക്കുന്നുള്ളൂ. അവിടത്തെ നിയമങ്ങളോട് പൂർണ്ണമായി യോജിച്ചുകൊണ്ട്, നിയമങ്ങൾ പൂർണ്ണമായി പാലിച്ചുകൊണ്ട് വിദേശ മലയാളികളുടെ ബുദ്ധിമുട്ടുകൾ കുറച്ച് നല്ലൊരന്തരീക്ഷം ഉണ്ടാക്കുന്നതിനുവേണ്ടിയാണ് ശ്രമിക്കുന്നത്. അക്കാര്യത്തിൽ കേന്ദ്രഗവൺമെന്റിൽ നിന്ന് പൂർണ്ണമായ പിന്തുണ കിട്ടിയിട്ടുണ്ട്. കുവൈറ്റിന്റെ കാര്യത്തിലും അതുപോലുള്ള നടപടി ക്രമത്തിലൂടെ മാത്രമേ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുമെന്നാണ് വിശ്വസിക്കുന്നത്. തീർച്ചയായും ഈ വിഷയം ഇവിടെ ചർച്ചചെയ്യുമ്പോൾ

കൂടുതലായി കിട്ടുന്ന കാര്യങ്ങൾ ഷെയർ ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രശ്ന പരിഹാരത്തിന് ശ്രമിക്കുകയും ചെയ്യാം.

മി. സ്പീക്കർ: ഒരുകാര്യം പറയാനുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞതുപോലെ ഗൾഫ് രാജ്യങ്ങളിൽ പ്രയാസമനുഭവിക്കുന്ന മലയാളി സഹോദരങ്ങളുടെ കാര്യങ്ങൾ ചർച്ച ചെയ്യുകയോ പ്രകടനം നടത്തുകയോ പ്രസ്താവനയിറക്കുകയോ ചെയ്യുമ്പോൾ ബാക്കി സഹോദരങ്ങൾ അവിടെ ജീവിക്കുന്നുണ്ടെന്നും ഓരോ വിദേശ രാജ്യങ്ങൾക്കും അവരവരുടേതായ നടപടിക്രമങ്ങൾ ഉണ്ടെന്നുമുള്ള കാര്യം കൂടി എല്ലാവരുടെയും മനസ്സിലുണ്ടാവണമെന്നാണ് ചെയറിന്റെ അഭിപ്രായം. പലപ്പോഴും നിയമസഭാംഗങ്ങൾ അതിരുകൾ വിടുന്നുണ്ട്.

ശ്രീ. ഉമ്മൻ ചാണ്ടി: അത് ഏറ്റവും അത്യാവശ്യമാണ്. അങ്ങനെയൊരു സമീപനമെടുത്തതുകൊണ്ടാണ് സൗദി അറേബ്യയിൽ നിന്ന് ഏറ്റവും പോസിറ്റീവായുള്ള അപ്രോച്ച് ഉണ്ടായത്. നമ്മൾ അവിടത്തെ നിയമം പാലിക്കുന്നു; പാലിക്കാൻ തയ്യാറാണ്. അവിടത്തെ സ്ഥാപനങ്ങളിൽ പത്തിലൊന്ന് ഭാഗം തദ്ദേശീയരെ ഉൾപ്പെടുത്തുന്നതിനുവേണ്ടിയാണ് ഇത്തരമൊരു നിയമം കൊണ്ടുവന്നത്. അത് ന്യായമായൊരു കാര്യമല്ലേ. അതിന്മേൽ ചില അസൗകര്യങ്ങളുണ്ടെങ്കിലും അത് അന്യായമാണ് അതുകൊണ്ട് അംഗീകരിക്കുന്നില്ലെന്ന് പറയാൻ പറ്റുമോ; അങ്ങനെയുള്ള കാര്യങ്ങളിൽ അങ്ങേയറ്റം നല്ലൊരു സമീപനമെടുത്തേ മതിയാവൂ. ആ സമീപനമെടുത്താൽ മാത്രമേ നമുക്ക് വിജയിക്കാനും സാധിക്കുകയുള്ളൂ.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഈ വിഷയം മറ്റൊരവസരത്തിൽ ചർച്ച ചെയ്യാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സമ്മതിച്ചു. ആ അഭിപ്രായത്തെ എല്ലാവരും സ്വാഗതം ചെയ്യുന്നു.

മി. സ്പീക്കർ: ബി.എ.സി. കൂടി അതിനായി ഒരു തീയതി നിശ്ചയിക്കാവുന്നതേയുള്ളൂ.

(ശ്രദ്ധക്ഷണിക്കൽ)